**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് പരിശോധന - ഗുരുവായൂർ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. രഘുരാമൻ, ശ്രീ. പി. രാധാകൃഷ്ണൻ എന്നിവരെ അച്ചടക്ക നടപടികളിൽ നിന്നും കുറ്റവിമുക്തരാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1524/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.04.2016.

===================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യുറോ ഡയറക്ടറുടെ 30.11.2012 തീയതിയിലെ E8(VE 6/11/TSR) 23931/2011 നമ്പർ കത്ത്.
2) ഗുരുവായൂർ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. രഘുരാമൻ, ശ്രീ. പി. രാധാകൃഷ്ണൻ എന്നിവർക്ക് നൽകിയ 03.05.2013 തീയതിയിലെ 22512/ഇയു1/13/തസ്വഭവ നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I, ആലപ്പുഴ നഗരസഭ സമർപ്പിച്ച 28.06.2013 തീയതിയിലെ പ്രതിവാദ പത്രിക.
4) കുറ്റപത്രത്തിന് ശ്രീ. പി. രാധാകൃഷ്ണൻ, മുനിസിപ്പൽ സെക്രട്ടറി, കണ്ണൂർ മുനിസിപ്പാലിറ്റി സമർപ്പിച്ച 13.11.2013 തീയതിയിലെ G2-16037/13 നമ്പർ പ്രതിവാദ പത്രിക.
5) നഗരകാര്യ ഡയറക്ടറുടെ 15.07.2015 തീയതിയിലെ വി2-9670/2013 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടു സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ടി നഗരസഭയിൽ നടത്തിയ അന്വേഷണത്തിൽ ഫയലുകൾ കൃത്യമായി കൈകാര്യം ചെയ്തിരുന്നില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ രേഖകൾ ഹാജരാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതായും കണ്ടെത്തുകയുമുണ്ടായി. ടി ക്രമക്കേടുകൾക്ക് ഗുരുവായൂർ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. രഘുരാമൻ, ശ്രീ. പി. രാധാകൃഷ്ണൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും രണ്ടാം പരാമർശിത കുറ്റപത്രം നൽകുകയുമുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 3-ാം പരാമർശിത പ്രതിവാദ പത്രികയിൽ ടിയാൻ ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള നാലുമാസക്കാലയളവിൽ മാലിന്യപ്ലാന്റ് നിർമ്മാണം സംബന്ധിച്ച ഫയൽ കാണുകയോ ഒപ്പിടുകയോ ഉണ്ടായിട്ടില്ലെന്നും ടി ഫയലിന്റെ കസ്റ്റോഡിയൻ ബന്ധപ്പെട്ട എൻജിനീയറിംഗ് സെക്ഷൻ ക്ലാർക്ക് ആയതിനാൽ ഫയൽ കൃത്യമായി കൈകാര്യം ചെയ്തിരുന്നില്ലെങ്കിൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും വകുപ്പ് മേധാവി എന്ന നിലയിൽ മുനിസിപ്പൽ എൻജിനീയറുമാണ് അതിനുത്തരവാദികളെന്നും ഓഫീസ് മേധാവി എന്ന നിലയിൽ ഈ കാര്യത്തിൽ ടിയാന്റെ ഭാഗത്തു നിന്ന് യാതൊരു വിധത്തിലുള്ള വീഴ്ചയും ഉണ്ടായിട്ടില്ലെന്നും ബോധിപ്പിക്കുകയും ആയത് കണക്കിലെടുത്ത് ടിയാനെതിരായ നടപടികൾ അവസാനിപ്പിക്കണമെന്ന് അപേക്ഷിച്ചു.

3. ശ്രീ. പി. രാധാകൃഷ്ണൻ സമർപ്പിച്ച 4-ാം പരാമർശിത പ്രതിവാദ പത്രികയിൽ ടിയാൻ 28.11.2011 മുതൽ 15.06.2012 വരെ കേവലം 200 ദിവസം മാത്രമാണ് ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും, പ്രസ്തുത കാലയളവിൽ അർബൻ മാനേജ്മെന്റ് സംബന്ധിച്ച Advanced Post Graduate Diploma Course-ൽ പങ്കെടുക്കുന്നതിന് ടിയാനെ സർക്കാർ തിരഞ്ഞെടുത്തിട്ടുള്ളതിനാൽ ഏകദേശം 95-100 ദിവസത്തോളം ട്രെയിനിംഗ് സംബന്ധിച്ച ആവശ്യത്തിനായി പൂനെ, ജയ്പൂർ മുതലായ സ്ഥലങ്ങളിലും ചൈന, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലും പോകേണ്ടതിനാൽ ചാർജ്ജ് നഗരസഭാ എഞ്ചിനീയർക്ക് നൽകിയിരുന്നതായും വിജിലൻസ് റിപ്പോർട്ട് പരിശോധിച്ചതിൽ അന്വേഷണത്തിന്റെ ഏറിയ ഭാഗവും 2012 ഫെബ്രുവരി മാസത്തിലാണ് നടന്നിട്ടുള്ളതും ഫെബ്രുവരി 14-ാം തീയതി മുതൽ മാർച്ച് ആദ്യ ആഴ്ച വരെ ടിയാൻ നഗരസഭയിൽ ഇല്ലായിരുന്നുവെന്നും ഏതൊക്കെ രേഖകളാണ് ടിയാൻ വിജിലൻസിന് കൈമാറാതിരുന്നതെന്ന് റിപ്പോർട്ട് പരിശോധിച്ചതിൽ കാണുന്നില്ലെന്നും, നഗരസഭയിലെ ഫയലുകളുടെ കസ്റ്റോഡിയൻ, നഗരസഭാ ക്ലാർക്കുമാരും ആയത് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട സൂപ്രണ്ടുമാരുമാണെന്നും 'ആയത് സൂക്ഷിച്ചിട്ടുണ്ടോ എന്ന് വിവിധ ഔദ്യോഗിക ചുമതലകൾ വഹിക്കുന്ന നഗരസഭാ സെക്രട്ടറിക്ക് സാധ്യമല്ലെന്നും ആയത് കൃത്യമായി പരിശോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നതായും ആകയാൽ ടിയാന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

4. അന്വേഷണ ഉദ്യോഗസ്ഥർക്ക് ഏതൊക്കെ രേഖകളാണ് നഗരസഭാ സെക്രട്ടറിമാർ നൽകാതിരുന്നതെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ രേഖകൾ നൽകിയില്ലെന്ന ആരോപണം വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിവാകുന്നില്ല. നഗരസഭയിലെ ഫയലുകൾ സൂക്ഷിക്കേണ്ടത് ഫയലുകളുടെ കസ്റ്റോഡിയനായ സെക്ഷൻ ക്ലാർക്കും ആയത് പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടുമാണ്. ആയതിന് വിവിധ ഔദ്യോഗിക തിരക്കുകളുള്ള നഗരസഭാ സെക്രട്ടറിയെ കുറ്റക്കാരനായി കാണാനാകില്ല എന്നും ശ്രീ. രഘുരാമൻ, ശ്രീ.പി. രാധാകൃഷ്ണൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ പരിഗണിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ 5-ാം പരാമർശിത കത്ത് പ്രകാരം അറിയിച്ചു.

5. ഈ സാഹചര്യത്തിൽ ഗുരുവായൂർ നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടു സംബന്ധിച്ച

ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ടി നഗരസഭയിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. രഘുരാമൻ, ശ്രീ. പി. രാധാകൃഷ്ണൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
**രത്നമ്മ. വി.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
സെക്രട്ടറി, ഗുരുവായൂർ നഗരസഭ.
ശ്രീ.രഘുരാമൻ } (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. പി. രാധാകൃഷ്ണൻ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (28.01.2016 തീയതിയിലെ 11353/ഡി1/2015/വിജി. നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**